H08 (Lobe)

4671
13/10.

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് - കെ.എസ്.ആർ.റ്റി.സി. ബസ് ഡിപ്പോ സ്ഥാപിയ്ക്കൽ - സ്ഥലമേറ്റെടുക്കാൻ അനുമതി നൽകിയ സർക്കാർ ഉത്തരവിൽ 260/2 എന്ന സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3598/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഒക്ടോബർ 07, 2008.

പരാമർശം:

1. 20-01-2001-ലെ സ.ഉ. (സാധാ) നം. 223/2001/ത.സ്വ.ഭ.വ.
2. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 31-07-2008-ലെ III (1) -ാം നമ്പർ തീരുമാനം.
3. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12-8-2008 -ലെ സി.1-335/07 നമ്പർ കത്ത്.

### ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.റ്റി.സി. സബ് ഡിപ്പോ സ്ഥാപിയ്ക്കുന്നതിനായി റാന്നി പഴവങ്ങാടി വില്ലേജിൽ സർവ്വെ 259/11, 259/10, 258/9, 258/6, 258/8, 258/7, 258/10 എന്നിവയിൽപ്പെട്ട1 ഹെക്ടർ 12 ആർ 68 ച.മീ.ഭൂമി അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ അലൈൻമെന്റിൽ ഉൾപ്പെടുന്ന സർവ്വെ നമ്പർ 260/2ൽപ്പെട്ടതും മറിയാമ്മ മെഡിക്കൽ ട്രസ്റ്റിനുവേണ്ടി മാനേജിംഗ് ട്രസ്റ്റി പനംതോട്ടത്തിൽ ശ്രീ.തോമസ് മാത്യുവിന്റെ പേരിലുള്ളതുമായ 34 ആർ 3 ച.മീ. സ്ഥലം പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയതിന്റെ പൊന്നുംവില നടപടികൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് കൂടി ഉൾപ്പെടുത്തി അനുമതി നൽകണമെന്ന് റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനിച്ച് പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

(2) ഈ സാഹചര്യത്തിൽ, പരാമർശം (2)-ലെ തീരുമാനത്തിന്റേയും പരാമർശം (3)-ലെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ കെ.എസ്.ആർ. റ്റി.സി. സബ് ഡിപ്പോ സ്ഥാപിയ്ക്കുന്നതിനായി റാന്നി പഴവങ്ങാടി വില്ലേജിലെ സർവ്വെ നമ്പർ 260/2ൽപ്പെട്ടതും സ്വകാര്യ വ്യക്തിയുടെ പേരിലുള്ളതുമായ 34 ആർ 3 ച.മീ. സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് റാന്നി പഴവ

(മറുപുറം)

ങ്ങാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറക്ക് 33.98 ആർ പുറമ്പോക്ക് ഭൂമികൂടി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

3. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

 റ്റി.ശ്യാമളകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്,
പത്തനംതിട്ട ജില്ല.

ജില്ലാ കളക്ടർ, പത്തനംതിട്ട.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.